# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## പട്ടികവർഗ്ഗ ക്ഷേമത്തിനായി വകയിരുത്തിയ ഫണ്ട്

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5589 6-7-2012-ൽ മറുപടിയ്ക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.വി.ശശി<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.കെ.രാജു. | കുമാരി.പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗ ക്ഷേമത്തിനായി വകയിരുത്തിയിരുന്ന ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു തുക വക മാറ്റി ; | (എ) ഇല്ല. |
| (ബി) സർക്കാർ ഫണ്ടുപയോഗിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പട്ടിക വർഗ്ഗ കോളനികളിൽ നടത്തുന്നത് ; വ്യക്തിഗത ആനുകൂല്യ ങ്ങൾ നൽകുന്നുണ്ടോ ; | (ബി) ഉണ്ട്. സർക്കാർ ഫണ്ട് ഉപയോഗിച്ച് പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യം ഉറപ്പാക്കുന്നതിന് ഭൂമി, വീട്, കുടിവെള്ളം, വൈദ്യുതി, വിദ്യാഭ്യാസം, ആരോഗ്യ കാര്യങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.<br>1. മാതൃക കോളനി<br>2. കുടിവെള്ള പദ്ധതി<br>3. വൈദ്യുതീകരണം<br>4. ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി വീടുവയ്ക്കുന്നതിന് ധനസഹായം<br>5. പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതികൾക്ക് വിവാഹധനസഹായം.<br>6. ഫുഡ് സപ്പോർട്ട് പ്രോഗ്രാം.<br>7. അടിയപണിയ സമുദായത്തിലും പ്രത്യേക ദുർബല വിഭാഗത്തിലും പെട്ടവർക്കുള്ള പ്രത്യേക പാക്കേജ് പദ്ധതി. |

| | |
|---|---|
| | 8. അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടികവർഗ്ഗക്കാർക്കുള്ള ധനസഹായം.<br>9. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ.<br>10. പട്ടികവർഗ്ഗത്തിൽ തന്നെ പിന്നോക്കം നിൽക്കുന്ന പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക് പ്രത്യേക കേന്ദ്ര സഹായ പദ്ധതി.<br>11. പട്ടികവർഗ്ഗ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ധനസഹായം.<br>12. സമഗ്ര ആരോഗ്യ വികസന പദ്ധതികൾ<br>13. കാർഷിക ധനസഹായം<br>14. അവിവാഹിതരായ അമ്മമാർക്ക് പ്രത്യേക പാക്കേജ്.<br>15. പട്ടികവർഗ്ഗ യുവതികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.<br>16. സംസ്ഥാനത്തെ പ്രാക്തനഗോത്രവർഗ്ഗ വിഭാഗത്തിലുള്ളവരുടെ സമഗ്ര വികസനത്തിനായി 13-ാം ധനകാര്യകമ്മീഷൻ അവാർഡ് ഉപയോഗിച്ച് വിവിധ പദ്ധതികൾ.<br>17. പുരകെട്ടി മേയുന്നതിന് ഓരോ കുടുംബത്തിനും 500 രൂപ ധനസഹായം നൽകുന്ന പദ്ധതി ഗ്രാമപഞ്ചായത്തു മുഖേനെ നടപ്പിലാക്കി വരുന്നു.<br>18. ചികിൽസയും പുനരധിവാസവും പദ്ധതി പ്രകാരം രോഗങ്ങളുടെ ഗുരുതര സ്വഭാവം പരിഗണിച്ച് 25,000/- രൂപ വരെയുള്ള വ്യക്തിഗത ധനസഹായവും നൽകി വരുന്നു. |

| | |
|---|---|
| | 19. സർക്കാർ ആശുപത്രി മുഖേനയും തെരഞ്ഞെടുക്കപ്പെട്ട മറ്റു ചില ആശുപത്രികൾ മുഖേനയും പട്ടികവർഗ്ഗക്കാരുടെ ചികിൽസ പൂർണ്ണമായും സൗജന്യമാക്കിയിട്ടുണ്ട്. വകുപ്പിന്റെ കീഴിൽ 5 ഒ.പി ക്ലിനിക്കുകളും തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ ഓരോ സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകളും **പതിനേഴ്** ആയുർവ്വേദ ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു. ആയതുവഴി പട്ടിക വർഗ്ഗക്കാർക്ക് സൗജന്യ വൈദ്യ/ചികിൽസാ സേവനങ്ങൾ ലഭ്യമാക്കുന്നു.<br>20. കുട്ടികളെ മുടക്കം കൂടാതെ സ്കൂളിൽ ഹാജരാക്കുന്നതിന് പട്ടികവർഗ്ഗ രക്ഷിതാക്കൾക്ക് പ്രോൽസാഹന ധനസഹായം നൽകി വരുന്ന പദ്ധതിയും നിലവിലുണ്ട്.<br>21. പട്ടികവർഗ്ഗ സങ്കേതങ്ങളിലേയ്ക്ക് റോഡുകൾ, നടപ്പാലങ്ങൾ, നടപ്പാതകൾ എന്നിവ നിർമ്മിക്കൽ.<br>22. കുടുംബശ്രീ പ്രവർത്തനങ്ങൾ.<br>23. മിശ്രവിവാഹ ധനസഹായ പദ്ധതി. |
| (സി) പ്രസ്തുത പ്രവർത്തനങ്ങൾ ഏതെങ്കിലും ഏജൻസികൾ മുഖാന്തിരമാണോ നടത്തുന്നത് ; | (സി) അതെ.<br>1. കേരളാ പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ.<br>2. കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷൻ.<br>3. ആദിവാസി പുനരധിവാസ വികസന മിഷൻ.<br>4. കുടുംബശ്രീ.<br>5. വാട്ടർ അതോറിറ്റി.<br>6. കെ.എസ്.ഇ.ബി. |

| | |
|---|---|
| | 7. പി.ഡബ്ളിയു.ഡി<br>8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ<br>എന്നീ സർക്കാർ ഏജൻസികൾ മുഖേനയാണ് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നത്. |
| (ഡി) ഫണ്ട് പൂർണ്ണമായി പദ്ധതി വിഭാവനം ചെയ്യുന്ന പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) ഇക്കാര്യം പരിശോധിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം കേന്ദ്രീകരിച്ച് പ്ളാനിംഗ് ആന്റ് മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. ടി സെൽ പദ്ധതി നടത്തിപ്പിന്റെ പുരോഗതി സമയബന്ധിതമായി അവലോകനം ചെയ്തു പോരുന്നു. കൂടാതെ പദ്ധതികൾ നടപ്പിലാക്കുന്ന പ്രദേശങ്ങളിലെ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ പദ്ധതികളുടെ പുരോഗതി പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.